# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 08/03/2017 ൽ മറുപടിക്ക്

**ചോദ്യം നമ്പർ : 2462**

## ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്

| | ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നാളിതുവരെ 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂവുടമകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 8.26 കോടി രൂപ ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്കായി നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കിയോ എന്ന് വ്യക്തമാക്കാമോ; | (ബി) | വിശദമായ പ്രോജക്ട് റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി നടത്തിപ്പിനോട് കെ.എസ്.ഐ,ഡി.സി യുടെ ഭാഗത്തു നിന്നോ ഗവൺമെന്റിന്റെ ഭാഗത്തു നിന്നോ തടസ്സങ്ങൾ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി. കണ്ടെത്തിയ ഭൂമി കരിനിലമാണെന്നും അവിടെ നെൽകൃഷി നടത്താവുന്ന സ്ഥലമാണെന്നുമുള്ള അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ (APC) തീരുമാനം മൂലം ഭൂമി ഏറ്റെടുക്കൽ നടപടി 2011 ൽ നിർത്തി |

| | | | |
|---|---|---|---|
| | | | വയ്ക്കേണ്ടതായി വന്നു. കൂടാതെ സെന്റർ ഫോർ വാട്ടർ റീസോഴ്സ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) പ്രസ്തുത ഭൂമി റംസാർ വേമ്പനാട് കോൾ വെറ്റ് ലാന്റിൽ വരുന്ന പ്രദേശമാണെന്നും അതിനാൽ പ്രസ്തുത ഭൂമിയിൽ വ്യവസായം ആരംഭിക്കുവാൻ സാധിക്കുകയില്ലെന്നും 2013-ൽ കൈക്കൊണ്ട തീരുമാനം മൂലം പദ്ധതിയുടെ നടത്തിപ്പിനു തടസ്സം നേരിട്ടു. എന്നാൽ പ്രസ്തുത നിഗമനങ്ങളെല്ലാം ശാസ്ത്രീയാടിസ്ഥാനത്തിലല്ലായെന്നു കണ്ട് സംസ്ഥാന സർക്കാർ 2014 ൽ 100 ഏക്കർ ഭൂമി ഉഭയസമ്മത പ്രകാരം ഏറ്റെടുക്കുന്നതിനായി തീരുമാനിക്കുകയുണ്ടായി. ഏറ്റെടുക്കുന്ന ഭൂമി ഇലക്ട്രോണിക്സ് പാർക്കായി വികസിപ്പിക്കുന്ന വേളയിൽ ആകെ സ്ഥലത്തിന്റെ 15% ജലസ്രോതസ്സുകളായി നിലനിർത്തി ബാക്കി ഭൂമി വികസിപ്പിക്കുന്നതിനുള്ള അനുമതി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ 2015 ൽ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ